"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വെള്ളനാട് ഗ്രാമപഞ്ചായത്ത് - നാഷണൽ റർബൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മൊബൈൽ സെയിൽസ് വാൻ ബോഡി നിർമിച്ച ഇനത്തിൽ തനതു ഫണ്ടിൽ നിന്നും അധികമായി ചിലവഴിച്ചത് - റർബൻ പ്രോജക്ടിന്റെ കൺവർജൻസ് ഫണ്ട് വിഹിതമായി പരിഗണിച്ച് വരവ് ചിലവ് കണക്കുകൾ ക്രമീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ (ഡി ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.871/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/05/2020

പരാമർശം:- 1 വെള്ളനാട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 29.09.2018-ലെ 1 (4) നമ്പർ തീരുമാനം

2 വെള്ളനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.10.2018-ലെ A2.501/2018 നമ്പർ കത്ത്.

3 ഗ്രാമവികസന കമ്മീഷണറുടെ 10.10.2019-ലെ 16879/RI.4/18/CRD നമ്പർ കത്ത്.

**ഉത്തരവ്**

നാഷണൽ റർബൻ മിഷൻ ഫേസ് I - ൽ ഉൾപ്പെട്ട വെള്ളനാട് ആര്യനാട് ക്ലസ്റ്ററിലെ വെള്ളനാട് ഗ്രാമപഞ്ചായത്ത് മൊബൈൽ സെയിൽസ് വാൻ ഫോർ ഓർഗാനിക് പ്രോഡക്ടസ് എന്ന പ്രോജക്ടിന് ക്രിട്ടിക്കൽ ഗ്യാപ്പ് ഫണ്ടിനു പുറമെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 2,39,440/- രൂപ അധികമായി ചിലവഴിച്ച നടപടിക്ക് സാധൂകരണം ലഭിക്കുന്നതിനുള്ള അനുമതിക്കായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കാൻ പഞ്ചായത്ത് ഭരണ സമിതി പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു. ആയതിനുള്ള അപേക്ഷ വെള്ളനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2) വെള്ളനാട് - ആര്യനാട് ക്ലസ്റ്ററിന്റെ ഡി.പി.ആർ. പ്രകാരം മൊബൈൽ സെയിൽസ് വാൻ ഫോർ ഓർഗാനിക് പ്രോഡക്ടസ് എന്ന പ്രോജക്ടിന് 15.5 ലക്ഷം രൂപയാണ് ക്രിട്ടിക്കൽ ഗ്യാപ്പ് ഫണ്ട് ഇനത്തിൽ വകയിരുത്തിയിട്ടുള്ളത്. കൺവർജൻസ് ഇനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ പ്രസ്തുത പ്രവൃത്തി നടപ്പാക്കിയപ്പോൾ 2,39,440/- രൂപ അധികമായി വേണ്ടി വന്ന സാഹചര്യത്തിലാണ് ടി തുക പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുള്ളതെന്നും വെറ്റിംഗ് ഓഫീസർമാരുടെ അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലും പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായുമാണ് അധികമായി ആവശ്യമായി വന്ന തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചതെന്നും ആയതിനാൽ പ്രസ്തുത പ്രോജക്ടിന് വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുമുള്ള ധനവിനിയോഗം റർബൻ പ്രോജക്ടിന്റെ കൺവർജൻസ് ഫണ്ട് വിഹിതമായി പരിഗണിച്ച് അംഗീകാരം നൽകാവുന്നതാണെന്ന് ടി വിഷയത്തിൽ പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൊബൈൽ സെയിൽസ് വാൻ ഫോർ ഓർഗാനിക് പ്രോഡക്ടസ് എന്ന പ്രോജക്ടിന് വേണ്ടി വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നടത്തിയ 2,39,440/- രൂപയുടെ അധിക ധനവിനിയോഗം റർബൻ പ്രോജക്ടിന്റെ കൺവെർജൻസ് ഫണ്ട് വിഹിതമായി പരിഗണിച്ച് വരവ് ചിലവ് കണക്കുകൾ ക്രമീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

HARILAL.T.N.

**അണ്ടർ സെക്രട്ടറി**

# File No.LSGD-DD3/273/2018-LSGD

പകർപ്പ് : പ്രസിഡന്റ്, വെള്ളനാട് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ ( ഐ & പി.ആർ.ഡി)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.05.12 10:52:53 IST
Reason: Approved

സെക്ഷൻ ഓഫീസർ